## അധ്യായം 70

### അൽമആരിജ് (ആരോഹണ പഥങ്ങൾ)

അവതരണം മക്കയിൽ, വചനങ്ങൾ 44

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

سَأَلَ سَآئِلُۢ بِعَذَابٖ وَاقِعٖ ١ لِّلۡكَٰفِرِينَ لَيۡسَ لَهُۥ دَافِعٞ ٢ مِّنَ ٱللَّهِ ذِي
ٱلۡمَعَارِجِ ٣ تَعۡرُجُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ إِلَيۡهِ فِي يَوۡمٖ كَانَ مِقۡدَارُهُۥ
خَمۡسِينَ أَلۡفَ سَنَةٖ ٤ فَٱصۡبِرۡ صَبۡرٗا جَمِيلًا ٥

1. സംഭവിക്കാൻ പോകുന്ന ശിക്ഷയെക്കുറിച്ച് ഒരു ചോദ്യകർത്താവ് ആവശ്യപ്പെട്ടിരിക്കുന്നു.
2. (അത്) സത്യനിഷേധികൾക്കുള്ളതാണ്. അതിനെ തടയുന്നവരാരുമില്ല.
3. ഉന്നതങ്ങളിലേക്ക് കയറിപ്പോകുന്ന വഴികളുടെ ഉടമയായ അല്ലാഹുവിങ്കൽ നിന്നുള്ളതത്രെ അത്.
4. അമ്പതിനായിരം കൊല്ലം ദൈർഘ്യമുള്ള ഒരു ദിനത്തിൽ, മലക്കുകളും പരിശുദ്ധാത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു.
5. എന്നാൽ (പ്രവാചകരേ,) നീ ക്ഷമിച്ചിരിക്കുക. ഭംഗിയായ ക്ഷമ.

إِنَّهُمۡ يَرَوۡنَهُۥ بَعِيدٗا ٦ وَنَرَىٰهُ قَرِيبٗا ٧ يَوۡمَ تَكُونُ ٱلسَّمَآءُ كَٱلۡمُهۡلِ
٨ وَتَكُونُ ٱلۡجِبَالُ كَٱلۡعِهۡنِ ٩ وَلَا يَسۡـَٔلُ حَمِيمٌ حَمِيمٗا ١٠

6. തീർച്ചയായും അതിനെ അവർ അകലെയായാണ് കാണുന്നത്.
7. നാം അതിനെ സമീപത്തായും കാണുന്നു.
8. ആകാശം ഉരുകിയ ലോഹം പോലെയാകുന്ന ദിവസം.
9. മലകൾ കടഞ്ഞെടുത്ത കമ്പിളിരോമം പോലെയും .
10. (അന്ന്) ഉറ്റ സ്നേഹിതൻ ഉറ്റ സ്നേഹിതനോട് ഒന്നും ചോദിക്കുകയില്ല.

يُبَصَّرُونَهُمۡۚ يَوَدُّ ٱلۡمُجۡرِمُ لَوۡ يَفۡتَدِي مِنۡ عَذَابِ يَوۡمِئِذِۢ بِبَنِيهِ
١١ وَصَٰحِبَتِهِۦ وَأَخِيهِ ١٢ وَفَصِيلَتِهِ ٱلَّتِي تُـٔۡوِيهِ ١٣ وَمَن
فِي ٱلۡأَرۡضِ جَمِيعٗا ثُمَّ يُنجِيهِ ١٤

11. അവരന്യോന്യം കാണിക്കപ്പെടും. പാപിയായവൻ കൊതിച്ചുപോകുന്നു,അന്നാളിലെ ശിക്ഷയിൽനിന്ന് മോചനം നേടാൻ തന്റെ സന്തതികളെ തെണ്ടം നൽകാൻ കഴിഞ്ഞെങ്കിൽ!
12. സഹധർമിണിയെയും സഹോദരനെയും.
13. തനിക്കഭയമേകിയിരുന്ന ഉറ്റ ബന്ധുക്കളെയും.
14. ഭൂമിയിലുള്ള മുഴുവനാളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും.

كَلَّآ إِنَّهَا لَظَىٰ ﴿١٥﴾ نَزَّاعَةً لِّلشَّوَىٰ ﴿١٦﴾ تَدْعُوا۟ مَنْ أَدْبَرَ وَتَوَلَّىٰ ﴿١٧﴾
وَجَمَعَ فَأَوْعَىٰٓ ﴿١٨﴾

15. ഒരിക്കലുമല്ല! തീർച്ചയായും അത് കത്തിക്കാളുന്ന നരകാഗ്നിയത്രെ.
16. തലയുടെ തൊലിയുരച്ചുകളയുന്ന നരകാഗ്നി.
17. (സത്യത്തിൽനിന്ന്) പിന്മാറുകയും പുറംതിരിഞ്ഞുപോവുകയും ചെയ്തവരെ അത് തന്നിലേക്കു വിളിച്ചുവരുത്തും.
18. (ധനം) ശേഖരിച്ചു സൂക്ഷിച്ചു വെച്ചവരെയും.

۞ إِنَّ ٱلْإِنسَـٰنَ خُلِقَ هَلُوعًا ﴿١٩﴾ إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾ وَإِذَا مَسَّهُ
ٱلْخَيْرُ مَنُوعًا ﴿٢١﴾ إِلَّا ٱلْمُصَلِّينَ ﴿٢٢﴾ ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ
﴿٢٣﴾ وَٱلَّذِينَ فِىٓ أَمْوَٰلِهِمْ حَقٌّ مَّعْلُومٌ ﴿٢٤﴾ لِّلسَّآئِلِ وَٱلْمَحْرُومِ ﴿٢٥﴾

19. തീർച്ചയായും മനുഷ്യൻ ക്ഷമകെട്ടവനായാണ് സൃഷ്ടിക്കപ്പെട്ടത്.
20. തിന്മ ബാധിച്ചാൽ വേവലാതിപ്പെടുന്നവനായിക്കൊണ്ട്.
21. നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായും.
22. നമസ്കരിക്കുന്നവർ ഒഴിച്ച്.
23. അവർ തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരനിഷ്ഠയുള്ളവരാണ്.
24. അവരുടെ ധനത്തിൽ നിർണിതമായ അവകാശം നൽകുന്നവരാകുന്നു.
25. ചോദിച്ചുവരുന്നവന്നും ഉപജീവനമാർഗം തടയപ്പെട്ടവന്നും.

وَٱلَّذِينَ يُصَدِّقُونَ بِيَوْمِ ٱلدِّينِ ﴿٢٦﴾ وَٱلَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ
﴿٢٧﴾ إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾ وَٱلَّذِينَ هُمْ لِفُرُوجِهِمْ حَـٰفِظُونَ
﴿٢٩﴾ إِلَّا عَلَىٰٓ أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَـٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾
فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْعَادُونَ ﴿٣١﴾

26. പ്രതിഫല ദിനത്തെ അവർ സത്യപ്പെടുത്തുന്നവരും,
27. തങ്ങളുടെ നാഥന്റെ ശിക്ഷയെ ഭയപ്പെടുന്നവരുമാണവർ.
28. തീർച്ചയായും അവരുടെ നാഥന്റെ ശിക്ഷ സമാധാനപ്പെടാൻ പറ്റാത്തതാ

കുന്നു.
29. തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരും;
30. തങ്ങളുടെ ഭാര്യമാരിലോ വലതു കൈകൾ ഉടമപ്പെടുത്തിയവരിലോ ഒഴികെ. അപ്പോൾ തീർച്ചയായും അവർ ആക്ഷേപാർഹരല്ല.
31. ആർ അതിനപ്പുറം ആഗ്രഹിക്കുന്നുവോ അക്കൂട്ടരത്രെ അതിക്രമികൾ .

وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ﴿٣٢﴾ وَالَّذِينَ هُمْ بِشَهَادَاتِهِمْ
قَائِمُونَ ﴿٣٣﴾ وَالَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾
أُولَٰئِكَ فِي جَنَّاتٍ مُكْرَمُونَ ﴿٣٥﴾

32. തങ്ങളെ വിശ്വസിച്ചേല്പിച്ച വസ്തുക്കൾ സംരക്ഷിക്കുന്നവരും കരാർ പാലിക്കുന്നവരുമാണവർ.
33. തങ്ങളുടെ സാക്ഷ്യങ്ങൾ സത്യസന്ധമായി പൂർത്തീകരിക്കുന്നവരും.
34. തങ്ങളുടെ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുന്നവരും.
35. അക്കൂട്ടർ സ്വർഗത്തിൽ അത്യധികം ആദരിക്കപ്പെടുന്നവരായിരിക്കും.

فَمَالِ الَّذِينَ كَفَرُوا قِبَلَكَ مُهْطِعِينَ ﴿٣٦﴾ عَنِ الْيَمِينِ وَعَنِ الشِّمَالِ عِزِينَ
﴿٣٧﴾ أَيَطْمَعُ كُلُّ امْرِئٍ مِنْهُمْ أَنْ يُدْخَلَ جَنَّةَ نَعِيمٍ ﴿٣٨﴾ كَلَّا ۖ إِنَّا
خَلَقْنَاهُمْ مِمَّا يَعْلَمُونَ ﴿٣٩﴾ فَلَا أُقْسِمُ بِرَبِّ الْمَشَارِقِ وَالْمَغَارِبِ إِنَّا
لَقَادِرُونَ ﴿٤٠﴾ عَلَىٰ أَنْ نُبَدِّلَ خَيْرًا مِنْهُمْ وَمَا نَحْنُ بِمَسْبُوقِينَ ﴿٤١﴾

36. അപ്പോൾ സത്യനിഷേധികൾക്കെന്തു പറ്റി? നിന്റെ നേർക്ക് പാഞ്ഞുവരികയാണല്ലോ അവർ.
37. വലത്തുനിന്നും ഇടത്തുനിന്നും കൂട്ടം കൂട്ടമായി.
38. അനുഗൃഹീത സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടണമെന്ന് അവരിൽ ഓരോ മനുഷ്യനും ആശിക്കുന്നുണ്ടോ?
39. വേണ്ടാ! തീർച്ചയായും അവർക്കുതന്നെ നന്നായറിയാവുന്നതിൽനിന്നാണ് നാമവരെ സൃഷ്ടിച്ചത്.
40. ഉദയത്തിന്റെയും അസ്തമയത്തിന്റെയും രക്ഷിതാവിന്റെ പേരിൽ ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നാം ശക്തനാണ്-
41. അവരേക്കാൾ നല്ലവരെ പകരംകൊണ്ടുവരുന്നതിന്ന്. നാം ആരാലും അതിജയിക്കപ്പെടുന്നവനല്ല.

فَذَرْهُمْ يَخُوضُوا وَيَلْعَبُوا حَتَّىٰ يُلَاقُوا يَوْمَهُمُ الَّذِي يُوعَدُونَ ﴿٤٢﴾ يَوْمَ
يَخْرُجُونَ مِنَ الْأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَىٰ نُصُبٍ يُوفِضُونَ ﴿٤٣﴾ خَاشِعَةً
أَبْصَارُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ الْيَوْمُ الَّذِي كَانُوا يُوعَدُونَ ﴿٤٤﴾

42. അതുകൊണ്ട് അവരെ വിട്ടേക്കുക. അവര്‍ക്ക് താക്കീത് നല്‍കപ്പെട്ട നാ൦ വന്നെത്തും വരെ, അവര്‍ തങ്ങളുടെ തോന്നിവാസങ്ങളിലും വിനോദങ്ങളിലും മുഴുകിക്കൊള്ളട്ടെ.
43. അവര്‍ തങ്ങളുടെ ശവക്കുഴികളില്‍നിന്നും ധൃതിപ്പെട്ട് പുറപ്പെട്ടു പോകുന്ന ദിനമാണത്. അവര്‍ ഒരു നാട്ടക്കുറിയുടെ നേരെ ഓടിപ്പോകുന്നതുപോലെ.
44. അവരുടെ ദൃഷ്ടികള്‍ താണുപോയ അവസ്ഥയിലായിരിക്കും. അപമാനം അവരെ പൊതിഞ്ഞിരിക്കും. അതാണ് അവരോട് താക്കീത് നല്‍കപ്പെട്ടിരുന്ന ദിനം.